

ടിനി ഫിലിപ്പ്

# കോവിഡിനെ മറികടക്കാൻ സംരംഭകൻ എന്താണ് ചെയ്യേണ്ടത്?

**ബിസിനസിനോടുള്ള ശരിയായ സമീപനം കൊണ്ട് മാത്രം ഇന്ന് സംരംഭകന് വിജയിക്കാൻ കഴിയണമെന്നില്ല. മാറിയ സാഹചര്യത്തിൽ ഒട്ടേറെ കാര്യങ്ങളെ കുറിച്ച് ധാരണയുണ്ടെങ്കിലേ വിജയിക്കാനാവൂ. അതേകുറിച്ച് വിശദീകരിക്കുകയാണ് ഇനിയുള്ള ലക്കങ്ങളിൽ ലേഖകൻ**

## ഭാഗം 1

നമ്മുടെ രാജ്യത്തെ ജനങ്ങൾക്കും അധികാരികൾക്കും തികച്ചും അപ്രതീക്ഷിതമായിരുന്നു കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗവും അതേ തുടർന്ന് പ്രാദേശിക തലങ്ങളിലുണ്ടായ ലോക്ക്ഡൗണും. കോവിഡിന്റെ രണ്ടാം തരംഗവും പ്രതീക്ഷിക്കുന്ന മൂന്നാം തരംഗവുമെല്ലാം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ വലിയ ആഘാതം ഉണ്ടാക്കും.

കോവിഡ് 19 ന് മുമ്പ് തന്നെ ഇന്ത്യൻ സമ്പദ് രംഗം മാന്ദ്യത്തിലാണെന്ന് ഞാൻ പറഞ്ഞിരുന്നതാണ്. യുക്തിരഹിതവും തെറ്റായതുമായ നോട്ട് നിരോധിക്കൽ നടപടിയും തെറ്റായ രീതിയിലുള്ള ജിഎസ്ടി നടപ്പാക്കലിനൊപ്പം കേന്ദ്ര സർക്കാരിന്റെ അനുകൂലമായ പ്രതികരണം ഇല്ലാതാകുകയും ചെയ്തതാണ് അതിന് കാരണം.

കോവിഡിന്റെ മാരകമായ രണ്ടാം തരംഗം ഉണ്ടായതോടെ, ദീർഘനാൾ മോശം സാമ്പത്തിക വളർച്ച തുടരാനുള്ള സാധ്യതയാണ് നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

കടുത്ത ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുന്ന ഈ സമയത്ത് വിജയിക്കാൻ ഒരു സംരംഭകൻ എന്തു ചെയ്യണം?

നോട്ട് നിരോധിക്കൽ നടപടിക്കു മുമ്പ്, ഒരു സംരംഭകന് 'ബിസിനസിനോടുള്ള ശരിയായ സമീപനം (Right Approach to Business)' ഉണ്ടായാൽ തന്നെ വിജയിക്കാനാവുമായിരുന്നു.

നോട്ട് പിൻവലിക്കപ്പെടലിന് ശേഷം സമ്പദ് രംഗം താഴേക്ക് പോകുകയും മാന്ദ്യത്തിലേക്ക് കടക്കുകയും ചെയ്തു. ഇതോടെ സംരംഭകന് വിജയിക്കാൻ 'സമ്പദ് വ്യവസ്ഥയെ മനസിലാക്കേണ്ടതും (Understanding the Economy)' ആവശ്യമായി വന്നു.

ഇന്ന് വിജയിയായ സംരംഭകന് സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള സർക്കാർ നടപടികളെയും കോവിഡ് 19 എന്ന മഹാമാരിയെയും മനസിലാക്കേണ്ടതുണ്ട്.

ഫിഗർ ഒന്നിൽ കാണിച്ചിരിക്കുന്നതു പോലെ, ഒരു സംരംഭകന് ബിസിനസിൽ വിജയിക്കാൻ, ബിസിനസിനോടുള്ള ശരിയായ സമീപനം പിന്തുടരുകയും സമ്പദ് വ്യവസ്ഥയെ മനസിലാക്കുകയും സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിനുള്ള സർക്കാർ നടപടികളെയും കോവിഡ് 19 മഹാമാരിയെയും മനസിലാക്കുകയും വേണം എന്ന സ്ഥിതിയാണ്.

**Figure 1:**
**Requirements for a Successful Entrepreneur**




നിലവിൽ സമ്പദ്‌വ്യവസ്ഥയെ ഏറെ ബാധിക്കുന്ന കാര്യം എന്ന നിലയിൽ 'കോവിഡ് 19 മഹാമാരിയെ മനസിലാക്കുക' എന്ന വിഷയം തന്നെ ആദ്യം പരിശോധിക്കാം.

### കോവിഡ് 19 പകർച്ചവ്യാധിയെ മനസിലാക്കുക
**(Understanding the Covid-19 Pandemic)**

#### ലോകം

ലോകത്ത് ദിവസവും ഉണ്ടാകുന്ന പുതിയ കോവിഡ് കേസുകളുടെ ഔദ്യോഗിക കണക്കാണ് ഫിഗർ രണ്ടിൽ കാണിച്ചിരിക്കുന്നത്. പകർച്ചവ്യാധിയുടെ ഒന്നാം തരംഗം മൂർധന്യത്തിലായിരുന്നത് 8.43 ലക്ഷം പുതിയ കേസുകൾ രേഖപ്പെടുത്തിയ 2021 ജനുവരി ഏഴിന് ആണെന്ന് കാണാം. അതേസമയം രണ്ടാം തരംഗം മൂർധന്യത്തിലായത് 9.03 ലക്ഷം പുതിയ കേസുകൾ ഉണ്ടായ 2021 ഏപ്രിൽ 29നും.

**Figure 2: Daily New Cases - World**




സർവരാജ്യങ്ങളിലെയും കണക്കുകൾ ഉൾക്കൊള്ളുന്നതാണ് നിലവിലുള്ള വേൾഡ് ഡാറ്റ. ഫിഗർ മൂന്നിൽ കാണിച്ചിരിക്കുന്നതു പ്രകാരം കോവിഡ് 19 കേസുകൾ ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ള യുഎസ്എ, ഇന്ത്യ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളുടെ കോവിഡ് കേസുകളുടെ പാറ്റേൺ പരിശോധിക്കുന്നതിലൂടെ കുറേ കാര്യങ്ങൾ പഠിക്കാനാകും.

**Figure 3: Highest Case Countries**

| # | Country, Other | Total Cases | Total Tests | Tests/ 1M pop | Population |
|---|---|---|---|---|---|
| | World | 183,054,755 | | | |
| 1 | USA | 34,540,845 | 506,159,128 | 1,520,297 | 332,934,343 |
| 2 | India | 30,411,634 | 412,021,494 | 295,675 | 1,393,494,216 |
| 3 | Brazil | 18,559,164 | 53,209,627 | 248,570 | 214,062,708 |

കോവിഡ് പരിശോധനയുടെ എണ്ണം ഇന്ത്യയെയും ബ്രസീലിനെയും അപേക്ഷിച്ച് അഞ്ചും ആറും മടങ്ങ് അധികമാണ് എന്നതിനാൽ യുഎസ്എ പുറത്തുവിടുന്ന കണക്ക് കൂടുതൽ കൃത്യമാണ്.

ഫിഗർ നാലിൽ കാണുന്നതു പോലെ കോവിഡ് ആരംഭിച്ചതു മുതൽ യുഎസ്എയിൽ പല തവണ രോഗവ്യാപനം മൂർധന്യത്തിലെത്തിയിരുന്നു.

**Figure 4: Daily New Cases - USA**




നേരെ മറിച്ച് ഇന്ത്യ, ഫിഗർ അഞ്ചിൽ കാണിച്ചിരിക്കുന്ന ഔദ്യോഗിക കണക്കുകൾ പ്രകാരം രോഗം വ്യാപിച്ചു തുടങ്ങിയതു മുതൽ രണ്ടു തവണ മാത്രമാണ് മൂർധന്യത്തിലെത്തിയത്.

**Figure 5: Daily New Cases - India**




ബ്രസീലിൽ യുഎസ്എയെ പോലെ രോഗവ്യാപനം പലതവണ മൂർധന്യത്തിലെത്തിയിരുന്നു. ഫിഗർ 6 കാണുക.

**Figure 6: Daily New Cases - Brazil**




അടുത്തലക്കത്തിൽ രണ്ടാം തരംഗം ഏൽപ്പിച്ച ആഘാതത്തെക്കുറിച്ച് പരിശോധിക്കാം. ■

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM (L) നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.wedeliver-results.com*